ഒറ്റത്തവണ ചെലവുകൾ, അപ്രതീക്ഷിത ചെലവുകൾ, ദീർഘകാല ലക്ഷ്യങ്ങൾ എന്നിവയെല്ലാം കാഷ് ഔട്ട് ഫ്ലോയിൽ പെടുത്താം..

ഇവിടെ വരുമാനം, ചെലവ്, സേവിങ്സ്, നിക്ഷേപം എന്നിവ കൃത്യം ഇടവേളകളിൽ നിരീക്ഷിക്കണം.

ഓരോ വർഷവും കുടുംബവരുമാനത്തിൽ എത്ര ശതമാനം വളർച്ച ഉണ്ടെന്നും മനസ്സിലാക്കണം. അതിന് അനുസരിച്ച് സമ്പാദ്യം കൂടുന്നുണ്ടോ? ഇല്ലെങ്കിൽ ചെലവ് എവിടെയൊക്കെയോ കൂടുന്നുണ്ട് എന്നാണ് അർഥം. അതിനാൽ, അനാവശ്യ ചെലവുകൾ കുറയ്ക്കാൻ ശ്രമിക്കണം. ഒപ്പം വരുമാനം ഉയർത്താനുള്ള വഴികളും തേടണം.

## സ്വയം ചോദിക്കേണ്ട ചോദ്യങ്ങൾ

**1.** എന്തിനാണു ഞാൻ നിക്ഷേപിക്കുന്നത്? എപ്പോഴും സ്വയം ചോദിക്കേണ്ട ചോദ്യമാണിത്. പ്രത്യേകിച്ച് ഒരു തുക നിക്ഷേപിക്കാൻ തയാറെടുക്കുമ്പോൾ. മൂലധന വളർച്ചയ്ക്കു വേണ്ടിയാണോ അതോ വരുമാനത്തിനു (cash flow) വേണ്ടിയാണോ? അതോ ഇതു രണ്ടിനും കൂടി വേണ്ടിയാണോ നിക്ഷേപമെന്ന് ആലോചിക്കുക.

**ആവശ്യങ്ങൾക്കായി പൊതുവേ കടം വാങ്ങും. അതിനു പകരം ആ ആവശ്യം ലക്ഷ്യമാക്കി സമ്പാദിക്കാൻ ശ്രമിക്കുക.**

**2.** എനിക്ക് എത്രത്തോളം നിക്ഷേപിക്കാം?

വരുമാനം-ചെലവ്= സമ്പാദ്യം. ഈ സമ്പാദ്യം

അനുയോജ്യമായ രീതിയിൽ നിക്ഷേപിക്കണം


**3.** കയ്യിലുള്ള എല്ലാ സമ്പാദ്യവും ഒരുമിച്ചു നിക്ഷേപിക്കാമോ?

പാടില്ല. എമർജൻസി ഫണ്ടിനും റിസ്ക് കവറിനുള്ള തുകയും മാറ്റിവച്ചിട്ടു മാത്രം നിക്ഷേപിക്കുക.

**4.** ഒരു പദ്ധതിയിൽ മാത്രമായി നിക്ഷേപിക്കാമോ?

നമ്മുടെ ലക്ഷ്യങ്ങളും റിസ്ക് എടുക്കാനുള്ള ശേഷിയും അടിസ്ഥാനമാക്കി ശരിയായ ആസ്തി വിഭജനം നടത്തണം. ഓരോരുത്തരുടെയും വരുമാനം, ലക്ഷ്യങ്ങൾ, റിസ്ക് എടുക്കാനുള്ള ശേഷി എന്നിവ വ്യത്യസ്തമാണ്. അതിനാൽ, ഓരോ വ്യക്തിയുടെയും ആസ്തിവിഭജനം വ്യത്യസ്തമാകണം.

**5.** എന്റെ മൊത്തം ആസ്തിയിൽനിന്നു ലഭിക്കുന്ന




ശരാശരി റിട്ടേൺ എത്രയാണ്?

ഇത് വർഷത്തിൽ ഒരിക്കലെങ്കിലും കണക്കാക്കണം.

**6.** എന്റെ ആസ്തികളുടെ വളർച്ച ഭാവി ലക്ഷ്യങ്ങൾക്കു പര്യാപ്തമാണോ?

ഇവിടെ ഓരോ ലക്ഷ്യത്തിന്റെയും ഏകദേശ ചെലവ് കണക്കാക്കി ആനുപാതികമായി നിക്ഷേപിക്കണം.

**7.** എന്റെ ആസ്തി വളർച്ച ഭാവിലക്ഷ്യങ്ങൾക്കു പര്യാപ്തമല്ലെങ്കിൽ എന്തു ചെയ്യണം?

ഉയർന്ന വളർച്ചയ്ക്കായി നിലവിലെ നിക്ഷേപ പോർട്ട്ഫോളിയോയിൽ മാറ്റം വരുത്താം. അല്ലെങ്കിൽ നമ്മുടെ ലക്ഷ്യങ്ങൾക്ക് അതനുസരിച്ച് മാറ്റം വരുത്താം. ഒപ്പം അധിക വരുമാനവും കണ്ടെത്താം. വർഷത്തിൽ ഒരിക്കൽ ഇത്തരത്തിൽ ചെയ്യുക.

**8.** ലഭ്യമായ നിക്ഷേപാവസരങ്ങൾ എന്തെല്ലാമാണ്?

ഓഹരി, കടപ്പത്രം, സ്ഥിരനിക്ഷേപം, മ്യൂച്വൽ ഫണ്ട്, ഇടിഎഫ്, കമ്മോഡിറ്റി, യൂലിപ്, കറൻസികൾ, സ്വർണം, വെള്ളി, റിയൽ എസ്റ്റേറ്റ്, റെയിറ്റ്സ് (REITs), ചെറുസമ്പാദ്യ പദ്ധതികൾ തുടങ്ങിയവ പറയാം.

**9.** ഇതിൽ ഓരോന്നിലും എത്രത്തോളം റിസ്കുണ്ട്, എത്ര റിട്ടേൺ പ്രതീക്ഷിക്കാം?

ഡെറ്റ്: താരതമ്യേന കുറഞ്ഞ റിസ്കും റിട്ടേണും.

ഓഹരി: ഉയർന്ന റിസ്കും റിട്ടേണും.

ചെറുസമ്പാദ്യ പദ്ധതി : വളരെ കുറഞ്ഞ റിസ്കും റിട്ടേണും.

കമ്മോഡിറ്റി: താരതമ്യേന ഉയർന്ന റിസ്കും റിട്ടേണും.